©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]**

**2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്**

(Presented on 11th September 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

965/2023.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ.എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2022-2023 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2022-2023 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള രണ്ടാമത് റിപ്പോർട്ടിലെ തൊഴിലും നൈപുണ്യവും, ഊർജ്ജം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2022-2023 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 07-06-2023, 10-08-2023 എന്നീ തീയതികളിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2023 ആഗസ്റ്റ് മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 11.

# റിപ്പോർട്ട്

അദ്ധ്യായം I

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2022-2023 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

## തൊഴിലും നൈപുണ്യവും വകുപ്പ്

ശിപാർശ

2230-01-001-99—ഭരണവും നടത്തിപ്പും

വിഹിതം : 7,17,81,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെ ഓഫീസിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, വെള്ളക്കരം [05(1)] ഇനത്തിൽ 1.25 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 1)

സർക്കാർ സ്വീകരിച്ച നടപടി

2230-01-001-99-05-02—ഇലക്ട്രിസിറ്റി ശീർഷകത്തിൽ 5 ലക്ഷം രൂപ അധിക തുക അനുവദിക്കുകയും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം അവസാനമായതിനാലും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-01-001-98—ജില്ലാ ആഫീസുകൾ

വിഹിതം : 27,03,15,000 രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാഹനങ്ങളുടെ വാടക[97] ഇനത്തിൽ 6 ലക്ഷം രൂപയും, വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 2)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം അവസാനമായതിനാലും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-01-001-95-34-3—കേരളത്തിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം

വിഹിതം: 12,00,000 രൂപ (പദ്ധതി)

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം, പരിപാലനം, നവീകരണം, അവാർഡ് വിതരണം മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20 ലക്ഷം രൂപ തൊഴിലാളി ശ്രേഷ്ഠ പുരസ്കാര പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി റീ-അപ്രോപ്രിയേഷൻ മുഖേന 2230-01-001-95 (പ്ലാൻ) ശീർഷകത്തിലേയ്ക്ക് അനുവദിക്കുന്നതിലേയ്ക്കായി ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ സംബന്ധിച്ച് ആവശ്യപ്പെട്ട അധിക വിവരങ്ങൾ 31-3-2023 തീയതിയിലെ കത്ത് പ്രകാരം മാത്രമാണ് സർക്കാരിൽ ലഭ്യമാക്കിയത്. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്ന് തുക റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നതിനായിരുന്നു ശിപാർശ. 2023 മാർച്ച് 31-ന് സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിലേയ്ക്ക് തുക റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിച്ചില്ല.

<u>ശിപാർശ</u>

2230-01-101-99— <u>കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്</u>

വിഹിതം: 45,49,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലേയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, <u>യാത്രാബത്ത [04(1)] ഇനത്തിൽ 3.5 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] എന്ന ഇനത്തിൽ 0.5 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 0.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ് എന്ന ശീർഷകത്തിൽ യാത്രാബത്ത [04(1)] ഇനത്തിൽ 3,50,000 രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] എന്ന ഇനത്തിൽ 50,000 രൂപയും ഇന്ധനം [45] ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 4,50,000 (നാല് ലക്ഷത്തി അമ്പതിനായിരം) രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശയിന്മേൽ, ടി ശീർഷകങ്ങളിൽ മതിയായ തുക

അവശേഷിക്കുന്നതിനാൽ ആയവ ഉപയോഗിച്ചുതീരുന്ന മുറയ്ക്ക് മാത്രം അധികമായി ആവശ്യമുള്ള തുകകളുടെ വിശദമായ അലോട്ട്മെന്റുകൾ സഹിതം ഉചിതമായ ശിപാർശ ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് തീരുന്ന മുറയ്ക്ക് മാത്രം അധികമായി ആവശ്യമുള്ള തുകകളുടെ വിശദമായ അലോട്ട്മെന്റുകൾ സഹിതം ഉചിതമായ ശിപാർശ ലഭ്യമാക്കുവാൻ 19-12-2022-ലെ ഇ 1/73/2022/LBRD നമ്പർ കത്ത് പ്രകാരം ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത വിവരം ഉൾപ്പെടുത്തി 30-12-2022-ലെ LBRD-E1/73/2022-LBRD നമ്പർ കത്ത് പ്രകാരം സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

തുടർന്ന്, 2022-2023-ൽ 2230-01-101-99- കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള മിനിമം വേതന ഉപദേശക സമിതി ശീർഷകത്തിൽ മിനിമം വേതന ഉപദേശക സമിതി ചെയർമാന് ഹോണറേറിയം നൽകുന്നതിന്, 2022 ജൂലൈ മുതൽ നവംബർ വരെ കുടിശ്ശിക ഇനത്തിൽ 1,00,000 രൂപയും, ഡിസംബർ മുതൽ ഫെബ്രുവരി വരെ 60,000/- രൂപയും ചേർത്ത് ആകെ 1,60,000 രൂപയും ആവശ്യമായതിനാൽ, ടി ശീർഷകത്തിൽ ബാക്കി നിൽക്കുന്ന 24,000 രൂപ കഴിച്ച് ബാക്കി തുകയായ 1,36,000 (ഒരു ലക്ഷത്തി മുപ്പത്തിയാറായിരം) രൂപ 2230-01-103-35-10 (NP) എന്ന ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ മുഖേന 2230-01-101-99-00-28 എന്ന ശീർഷകത്തിലേക്ക് മാറ്റി നൽകുന്നതിനായി ലേബർ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച്, മിനിമം വേതന ഉപദേശക സമിതി ചെയർമാന് ഹോണറേറിയം നൽകുന്നതിനായി '2230-01-101-99-00-28 (NP)—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ശീർഷകത്തിൽ 1,36,000 രൂപ (ഒരു ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം) അധിക ധനാനുമതിയായി 06-02-2023-ലെ സ.ഉ. (സാധാ.) നം. 884/2023/ധന. ഉത്തരവ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) അനുവദിച്ചിട്ടുണ്ടെന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-102-98—<u>പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്</u>

വിഹിതം : 4,25,07,000 രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, ഇന്ധനം, വിവരസാങ്കേതികവിദ്യ, എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 1 ലക്ഷം രൂപയും</u>

വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 5)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷം അവസാനമായതിനാലും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-01-103-99—പൊതുവായ തൊഴിൽക്ഷേമം-ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം: 19,99,34,000 രൂപ (പദ്ധതിയേതരം)

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 3 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 6)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷം അവസാനമായതിനാലും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-01-103-89—തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

വിഹിതം: 1,40,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പിന്റെ ആധുനികവത്ക്കരണം, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബയോ-മെട്രിക് പഞ്ചിംഗ്/തൊഴിൽ വകുപ്പ് നവീകരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ, AIIS സോഫ്റ്റ്വെയർ പരിഷ്കരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 7)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷം അവസാനമായതിനാലും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം: 10,03,03,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്-ഗ്രേഷ്യ വിതരണത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 9)

സർക്കാർ സ്വീകരിച്ച നടപടി

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്ഗ്രേഷ്യ വിതരണത്തിനായി സമിതി അധികമായി ശിപാർശ ചെയ്ത 4.9697 കോടി രൂപ ആവശ്യമായി വന്നില്ല.

ശിപാർശ

2230-01-103-72-10—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം-സംഭാവന

വിഹിതം: 100,00,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷകതൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 11)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശിപാർശ അംഗീകരിക്കാൻ നിർവാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-34-10—കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി-സംഭാവന

വിഹിതം : 1,00,000 രൂപ (പദ്ധതിയേതരം)

കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 14)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്ന മുറയ്ക്ക് അധിക ധനാനുമതി/ധനപുനർവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആയത് പ്രകാരമുള്ള ശിപാർശ സമർപ്പിക്കുന്നതിന് കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 24-01-2023-ലെ H2/160/2022-LBRD നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

4250-00-201-92— മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 40,00,000 രൂപ (പദ്ധതി)

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 15)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷം അവസാനമായതിനാലും മറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

## വ്യാവസായിക പരിശീലന വകുപ്പ്

ശിപാർശ

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 7,75,30,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.31 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.43 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-03-001-99 ട്രെയിനിംഗ് ഡയറക്ടറേറ്റ് ശീർഷകത്തിൽ വെള്ളക്കരം [05(1)] ഇനത്തിൽ 30,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 25,000 രൂപയും പി.ഒ.എൽ [45] ഇനത്തിൽ 1,25,000 രൂപയും ഉൾപ്പെടെ ആകെ 1,80,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

വിഹിതം : 46,96,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതചെലവ് [05(2)] ഇനത്തിൽ <u>1.16 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-001-89—<u>വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്</u>

വിഹിതം : 97,42,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റുകൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ശമ്പളം [01(1)] ഇനത്തിൽ 20 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് [01(3)] ഇനത്തിൽ 8 ലക്ഷം രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ <u>29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 19)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-003-98—തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 44,19,000 രൂപ (പദ്ധതിയേതരം)

തൊഴിലുകളുടെ വൈവിധ്യവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 20)

സർക്കാർ സ്വീകരിച്ച നടപടി

2230-03-003-98—തൊഴിലുകളുടെ വൈവിധ്യവൽക്കരണം ശീർഷകത്തിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 75,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-003-97—കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം

വിഹിതം : 1,07,23,000 രൂപ (പദ്ധതിയേതരം)

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 0.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 21)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 200,56,44,000 രൂപ (പദ്ധതിയേതരം)

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 20 ലക്ഷം രൂപയും, യാത്രാബത്ത [04(1)] ഇനത്തിൽ 20 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 1 ലക്ഷം രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 20 ലക്ഷം രൂപയും, ഉൾപ്പെടെ ആകെ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 22)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ശീർഷകത്തിൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 4,30,000 രൂപ ധനപുനഃവിനിയോഗം വഴിയും വാടക, കരം, നികുതി [06] ഇനത്തിൽ 1,50,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 20,00,000 രൂപയും അഡീഷണൽ ഓതറൈസേഷൻ വഴിയും ആകെ 25,80,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-96—വനിത വ്യാവസായിക പരിശീലന കേന്ദ്രം

വിഹിതം : 140,50,42,000 രൂപ (പദ്ധതിയേതരം)

പതിനാല് വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 10 ലക്ഷം രൂപയും ദിവസവേതനം [02(5)] ഇനത്തിൽ 1 കോടി രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 15 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 0.75 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 3 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 3 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 10 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ [28]

ഇനത്തിൽ 10 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 1.5 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 8 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.6625 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 23)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-96—വനിത വ്യാവസായിക പരിശീലന കേന്ദ്രം ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 8,00,000 രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2,00,000 രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 1,00,000 രൂപയും വൈദ്യുത ചെലവുകൾ [34(2)] ഇനത്തിൽ 27,00,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 10,00,000 രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2,00,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 33,00,000 രൂപയും മറ്റു ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 22,00,000 രൂപയും ഉൾപ്പെടെ ആകെ 1,05,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 1,32,45,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്. കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2.42 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 24)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-70—ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ.-കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 25)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2230-03-102-99- ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 5,60,04,000 രൂപ (പദ്ധതിയേതരം)

വകുപ്പിന് കീഴിലെ 9 ആർ.ഐ.സെന്ററുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്മെന്റ് നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാകയാൽ മെഡിക്കൽ റീ-ഇംബേഴ്മെന്റ് [01(4)] ഇനത്തിൽ 11.55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 26)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4250-00-203-99—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ. ടി. ഐ.-കൾ ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.കൾക്കുള്ള ഉപകരണ സംഭരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 27)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

ശിപാർശ

2230-01-102-99 – ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്

വിഹിതം : 18,34,79,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം [01(1)], യാത്രാബത്ത [04(1)], ഓഫീസ് ചെലവുകൾ [05], വാടക, കരം, നികുതി [06], മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)], പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 28)

സർക്കാർ സ്വീകരിച്ച നടപടി

'2230-01-102-99' ശീർഷകത്തിലെ ശമ്പളം (01-1), യാത്രാബത്ത (4-01), ഓഫീസ് ചെലവുകൾ (05), വാടക, കരം, നികുതി (06) മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-02), പി.ഒ.എൽ (45) എന്നീ ശീർഷകങ്ങളിലാണ് അധിക തുക ആവശ്യപ്പെട്ടിരുന്നത്. ഇതിൽ ശമ്പളം (01-1) ഇനത്തിലും, യാത്രാബത്ത (04-1) ഇനത്തിലും അധിക തുക ആവശ്യമായി വന്നില്ല. വാട്ടർ ചാർജ്ജസ് (05-01) എന്ന ശീർഷകത്തിൽ അധികമായി വേണ്ടിവന്ന 9,000 രൂപ 2230-01-102-95-05-01 water charges NP എന്ന ശീർഷകത്തിൽ നിന്നും, ഇലക്ട്രിസിറ്റി (05-02) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 2,90,000 രൂപയിൽ 90,000 രൂപ 2230-01-102-95-05-02 Electricity-NP എന്ന ശീർഷകത്തിൽ നിന്നും, 2,00,000 രൂപ 2230-01-102-99-05-04-OE-NP ശീർഷകത്തിൽ നിന്നും, ടെലിഫോൺ (05-03) Telephone-NP എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന 12,000 രൂപ 2230-01-102-95-05-03 എന്ന ശീർഷകത്തിൽ നിന്നും, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-2) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 30,000 രൂപ 2230-01-102-

95-45-POL-NP എന്ന ശീർഷകത്തിൽ നിന്നും, പി.ഒ.എൽ 45-POL-NP എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 1,75,000 രൂപയിൽ 1,00,000 രൂപ 2230-01-102-99-05-04 -OE-NP ശീർഷകത്തിൽ നിന്നും 75,000 രൂപ 2230-01-102-99-34-03-Other items-NP ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ വഴി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, വാടക, കരം, നികുതി (06) എന്ന ശീർഷകത്തിൽ 6,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി കണ്ടെത്തിയിരുന്നു.

ശിപാർശ

2230-01-102-95—ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം : 1,45,10,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ശമ്പളം [01(1)], യാത്രാബത്ത [04(1)], ഓഫീസ് ചെലവിനങ്ങൾ [05], മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)], പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 52.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 29)

സർക്കാർ സ്വീകരിച്ച നടപടി

2230-01-102-95 ശീർഷകത്തിലെ ശമ്പളം (01-1), യാത്രാബത്ത (04-1), ഓഫീസ് ചെലവുകൾ (05), മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-2), പി.ഒ.എൽ (45) എന്നീ ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരുന്ന അധിക തുക ആവശ്യമായി വന്നില്ല.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

ശിപാർശ

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)- സബ്സിഡികൾ

വിഹിതം : 3,30,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ധനപുനഃവിനിയോഗം അനുവദിക്കുന്നതിന് സേവിംഗ്സ് കണ്ടെത്തി യഥാവിധി ശിപാർശ ലഭ്യമാക്കേണ്ടതുണ്ടെന്നും ഉപധനാഭ്യർത്ഥന ആണെങ്കിൽ അടുത്ത SDG സർക്കുലർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതിനനുസൃതമായി ശിപാർശ ലഭ്യമാക്കാവുന്നതാണെന്നും എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിരുന്നുവെങ്കിലും ആയതിൻ പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-02-101-88—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ</u>

വിഹിതം : 4,75,00,000 രൂപ (പദ്ധതി)

നേമം, ചേലക്കര, വൈക്കം എന്നിവിടങ്ങളിലെ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെയും ഇടുക്കി എംപ്ലോയിബിലിറ്റി സെന്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കും വകുപ്പിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെയും 11 എംപ്ലോയബിലിറ്റി സെന്ററുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക- 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ധനപുനഃവിനിയോഗം അനുവദിക്കുന്നതിന് സേവിംഗ്സ് കണ്ടെത്തി യഥാവിധി ശിപാർശ ലഭ്യമാക്കേണ്ടതുണ്ടെന്നും ഉപധനാഭ്യർത്ഥന ആണെങ്കിൽ അടുത്ത SDG സർക്കുലർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതിനനുസൃതമായി ശിപാർശ ലഭ്യമാക്കാവുന്നതാണെന്നും എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിരുന്നുവെങ്കിലും ആയതിൻ പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

6250-60-800-97—<u>കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ</u>

വിഹിതം : 3,30,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി മുഖേന വായ്പ നൽകുന്നതിനും മുൻവായ്പകളുടെ കുടിശ്ശിക നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക- 32)

സർക്കാർ സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ധനപുനഃവിനിയോഗം അനുവദിക്കുന്നതിന് സേവിംഗ്സ് കണ്ടെത്തി യഥാവിധി ശിപാർശ ലഭ്യമാക്കേണ്ടതുണ്ടെന്നും ഉപധനാഭ്യർത്ഥന ആണെങ്കിൽ അടുത്ത SDG സർക്കുലർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതിനനുസൃതമായി ശിപാർശ ലഭ്യമാക്കാവുന്നതാണെന്നും എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിരുന്നുവെങ്കിലും ആയതിൻ പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായില്ല.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

ശിപാർശ

2230-03-101-66-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളം

വിഹിതം : 25,08,000 രൂപ (പദ്ധതിയേതരം)

